**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1092** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>കാഞ്ഞങ്ങാട് മണ്ഡലത്തിലെ ഡാറ്റ ബാങ്കിൽ ഉൾപ്പെട്ട ഭൂമി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ

ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** 2021-ന് ശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഡാറ്റ ബാങ്കിൽ ഉൾപ്പെട്ട ഭൂമി തരം മാറ്റുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അതിൽ എത്രയെണ്ണം തീർപ്പ് കൽപ്പിച്ചെന്നും പഞ്ചായത്ത് തിരിച്ച് വിവരം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** കാഞ്ഞങ്ങാട് മണ്ഡലത്തിലെ പഞ്ചായത്തുകളിൽ ഡാറ്റാബാങ്കിൽ ഉൾപ്പെട്ട ഭൂമി ഡാറ്റാബാങ്കിൽ നിന്നും നീക്കം ചെയ്യുന്നതിനായി 2021 ന് ശേഷം 4693 അപേക്ഷകൾ ലഭിച്ചു. ആയതിൽ 3051 എണ്ണം തീർപ്പാക്കി ഉത്തരവായിട്ടുണ്ട്. 1642 എണ്ണത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. ലഭിച്ച അപേക്ഷകളുടെയും തീർപ്പാക്കിയ അപേക്ഷകളുടെയും പഞ്ചായത്ത് തിരിച്ചുള്ള വിവരം അനുബന്ധം-എ ആയി ചേർത്തിരിക്കുന്നു.

**(ബി)** ശേഷിക്കുന്ന അപേക്ഷകളുടെ നിലവിലെ സ്ഥിതി പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ശേഷിക്കുന്ന അപേക്ഷകളുടെ പഞ്ചായത്ത് തിരിച്ചുള്ള നിലവിലെ സ്ഥിതി വിവരം അനുബന്ധം-ബി ആയി നൽകിയിരിക്കുന്നു.

**(സി)** പ്രസ്തുത അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കാൻ കാലതാമസം നേരിടുന്നുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ?

**<u>മറുപടി:</u>** അപേക്ഷയിൽ തീർപ്പ് കൽപ്പിക്കുവാൻ കാലതാമസം നേരിടുന്നില്ല.

**സെക്ഷൻ ഓഫീസർ**

<u>അനുബന്ധം-എ</u>

**ഡാറ്റാബാങ്കിൽ ഉൾപ്പെട്ട ഭൂമി നീക്കം ചെയ്യുന്നതിനായി കാഞ്ഞങ്ങാട് മണ്ഡലത്തിലെ പഞ്ചായത്തുകളിൽ ലഭിച്ച അപേക്ഷകളുടെ വിവരം**

| **ക്രമ നം.** | **പഞ്ചായത്ത്** | **ലഭിച്ച അപേക്ഷകളുടെ എണ്ണം** | **തീർപ്പാക്കിയ അപേക്ഷകളുടെ എണ്ണം** |
|---|---|---|---|
| 1 | അജാനൂർ | 200 | 157 |
| 2 | കാഞ്ഞങ്ങാട് മുൻസിപ്പാലിറ്റി | 4425 | 2832 |
| 3 | മടിക്കൈ | 23 | 23 |
| 4 | കോടോം ബേളൂർ | 9 | 7 |
| 5 | കള്ളാർ | 6 | 6 |
| 6 | പനത്തടി | 16 | 15 |
| 7 | ബളാൽ | 0 | 0 |
| 8 | കിനാനൂർ കരിന്തളം | 14 | 11 |
| | **ആകെ** | **4693** | **3051** |

# അനുബന്ധം-ബി

**ഡാറ്റാബാങ്കിൽ ഉൾപ്പെട്ട ഭൂമി നീക്കം ചെയ്യുന്നതിനായി ലഭിച്ച അപേക്ഷകളിൽ കാഞ്ഞങ്ങാട് മണ്ഡലത്തിലെ പഞ്ചായത്തുകളിൽ തീർപ്പാക്കാൻ ബാക്കിയുള്ള അപേക്ഷകളുടെ എണ്ണം.**

| **ക്രമ നം.** | **പഞ്ചായത്ത്** | **തീർപ്പാക്കാൻ ബാക്കിയുള്ള അപേക്ഷകളുടെ എണ്ണം** |
|---|---|---|
| 1 | കാഞ്ഞങ്ങാട് മുൻസിപ്പാലിറ്റി | 1593 |
| 2 | അജാനൂർ | 43 |
| 3 | മടിക്കൈ | 0 |
| 4 | കോടോം ബേളൂർ | 2 |
| 5 | കള്ളാർ | 0 |
| 6 | പനത്തടി | 1 |
| 7 | ബളാൽ | 0 |
| 8 | കിനാനൂർ കരിന്തളം | 3 |
| | **ആകെ** | **1642** |